# കേരള സർക്കാർ

# സംസ്ഥാന വനനയം

2009

വനം – വന്യജീവി വകുപ്പ്
തിരുവനന്തപുരം

തീയതി : 29 – 04 – 2009

# 1. കേരളത്തിലെ വനങ്ങൾ

## ആമുഖം

1.1 സന്തുലിതമായ ആവാസവ്യവസ്ഥയുടെയും ജീവന്റെ നിലനില്പിന്റെയും അടിത്തറയാണ് വനങ്ങൾ. എണ്ണമറ്റ പ്രകൃതി വിഭവങ്ങളുടെ കലവറയാണവ. ആർക്കും അവയ്ക്കു മേൽ പരിപൂർണ്ണ അവകാശങ്ങളില്ല. നാമതിന്റെ സൂക്ഷിപ്പുകാർ മാത്രം. ശ്രദ്ധാപൂർവ്വം പരിപാലിച്ചും ആവശ്യത്തിനു മാത്രം ഉപയോഗിച്ചും വരും തലമുറകൾക്ക് കൈമാറേണ്ട സമ്പത്താണ് വനങ്ങൾ.

1.2 പരിണാമ ശൃംഖലയിലെ സുപ്രധാനമായ അസംഖ്യം സസ്യജന്തുജാലങ്ങളുടെ ആവാസ കേന്ദ്രമാണ് വനങ്ങൾ. ഇവയിൽ ഭൂരിഭാഗം സസ്യങ്ങളും ജന്തുക്കളും ജീവന്റെ നിലനില്പിനു നല്കുന്ന സംഭാവനകളുടെ പൂർണ്ണരൂപം ഇന്നും നമുക്കജ്ഞാതമാണ്.

1.3 വനങ്ങൾക്കും നദികൾക്കും മനുഷ്യന്റെ സാംസ്കാരിക പുരോഗതിയിൽ അനിഷേധ്യമായ സ്ഥാനമുണ്ട്. മനുഷ്യന്റെ ജീവിതചര്യകളെയും ശൈലിയേയും നദികളും അവയുടെ ഉറവിടങ്ങളായ വനങ്ങളും വളരെയധികം സ്വാധീനിക്കുന്നു. വനങ്ങൾ നമ്മുടെ സമ്പദ് വ്യവസ്ഥയിൽ ചെലുത്തുന്ന സ്വാധീനം വലുതാണ്. വനാശ്രിത സമൂഹങ്ങളുടെ ഉപജീവന മാർഗ്ഗവും ഭക്ഷണവും, വനപ്രാന്ത സമൂഹങ്ങൾക്ക് മൃഗപരിപാലനത്തിനും വിറകിനും മറ്റുമുള്ള സൗകര്യങ്ങൾ, വ്യവസായങ്ങൾക്കും ഔഷധങ്ങൾക്കും വേണ്ട അസംസ്കൃത പദാർത്ഥങ്ങൾ, ഇക്കോടൂറിസം വികസനം എന്നിങ്ങനെ വനങ്ങളുടെ വരദാനങ്ങൾ ഒട്ടേറെയാണ്. വനങ്ങളെ സംരക്ഷിക്കുക എന്ന ഉത്തരവാദിത്വത്തിൽ നിന്ന് നമുക്ക് ഒഴിഞ്ഞുമാറാനാവില്ല.

1.4 ഹരിതഗൃഹ വാതകങ്ങളും ഓസോൺ പാളിശോഷണവും അതുവഴിയുളവാകുന്ന കാലാവസ്ഥാ വ്യതിയാനവും മനുഷ്യരാശിയുടെ നിലനിൽപ്പിനെ തന്നെ ഭീഷണിപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. ആഗോളതാപനം കാർഷിക മേഖലയിലും ശുദ്ധജല ലഭ്യതയുടെ കാര്യത്തിലും പുതിയ പ്രതിസന്ധികൾ സൃഷ്ടിക്കുമെന്ന ഭീതി വ്യാപകമായിരിക്കുന്നു. കേരളത്തിലെ നദികൾ മലിനീകരണത്തിന്റെയും വരൾച്ചയുടെയും ഗുരുതരമായ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു.

1.5 കാലാവസ്ഥയുടെ പ്രധാനഘടകങ്ങളെ നിയന്ത്രിക്കുന്നതിൽ വനങ്ങൾ നിർണ്ണായകമായ പങ്കു വഹിക്കുന്നു. സഹ്യസാനുക്കളിൽ സ്ഥിതിചെയ്യുന്ന മഴക്കാടുകളാണ് പ്രധാനമായും മഴയെ ഉൾക്കൊണ്ടു നദികൾക്ക് ജന്മം നല്കുന്നത്. 41 നദികൾ പടിഞ്ഞാറോട്ടും മൂന്ന് നദികൾ കിഴക്കോട്ടുമായി മൊത്തം 44 നദികൾ കൊണ്ടു് അനുഗൃഹീതമാണ് കേരളം. മണ്ണൊലിപ്പ് നിയന്ത്രിക്കുന്നതും വേനൽക്കാലത്ത് ഈ നദികളിൽ നീരൊഴുക്ക് നിലനിർത്തുന്നതും പശ്ചിമഘട്ടത്തിലെ വനങ്ങളാണ്.

1.6 കേരളത്തിലെ വനങ്ങൾ പുരാതനകാലം മുതൽക്കേ തടിക്കും സുഗന്ധവ്യഞ്ജനങ്ങൾക്കും ലോകപ്രസിദ്ധി നേടിയിരുന്നു. ഇവിടത്തെ വനങ്ങളിൽ വിളയുന്ന കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധവിളകൾ നൂറ്റാണ്ടുകളായി വിദേശികളെ കേരളത്തിലേക്ക് ആകർഷിച്ചുവരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ നിലമ്പൂരിൽ ആദ്യത്തെ തേക്കുതോട്ടം നട്ടുപിടിപ്പിച്ചു. ഇതായിരുന്നു കേരളത്തിൽ വനവൃക്ഷത്തോട്ടങ്ങളുടെ ആരംഭം.

1.7 19 -ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിന്റെ ഭൂവിസ്തൃതിയുടെ ഏകദേശം 70 ശതമാനത്തോളം വനമായിരുന്നുവെന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പിൽകാലത്ത് വിവിധ ആവശ്യങ്ങൾക്കായി വൻതോതിൽ വനം വിനിയോഗിക്കപ്പെടുകയും വനം കൈയ്യേറ്റം വ്യാപകമാവുകയും ചെയ്തു. ഈ പ്രവണതയുടെ അപകടം മനസ്സിലാക്കിയാവണം 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽത്തന്നെ കൂടുതൽ വനങ്ങളെ റിസർവ്വായി പ്രഖ്യാപിക്കുവാനും ആസൂത്രിതമായി പരിപാലിക്കുവാനും തുടങ്ങിയത്. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലമായുണ്ടായ കൊടുംക്ഷാമത്തെ നേരിടുന്നതിനായി ഭരണാധികാരികൾതന്നെ മുൻകൈയെടുത്ത് കാർഷികാവശ്യത്തിന് വനപ്രദേശങ്ങൾ തെളിച്ച് വിനിയോഗിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ചു. വൻതോതിൽ വനഭൂമി സ്വകാര്യവ്യക്തികളുടെ അധീനതയിൽ എത്തിച്ചേരുന്നതിനും ഈ തീരുമാനം നിമിത്തമായി. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ജല-വൈദ്യുതപദ്ധതികൾ പോലെയുള്ള വികസനാവശ്യങ്ങൾക്കും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി കൂടുതൽ വനം വിനിയോഗിക്കപ്പെട്ടു. പല ഘട്ടങ്ങളിലായി കൃഷിക്കും മറ്റാവശ്യങ്ങൾക്കുമായി നടന്ന കുടിയേറ്റങ്ങൾക്കും മറ്റും പിൽക്കാലത്ത് നിയമസാധുത ഉണ്ടായത് വനവിസ്തൃതിയുടെ ശോഷണത്തിന് കാരണമായി. ഇതിന്റെയൊക്കെ ഫലമായി 20-ാം നൂറ്റാണ്ടിന്റെ അവസാന പാദത്തിൽ കേരളത്തിന്റെ വനവിസ്തൃതി 29 ശതമാനത്തോളമായി കുറഞ്ഞു. 1971 ലെ കേരള സ്വകാര്യ വനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിയമം വഴി കേരളത്തിലെ ബാക്കി സ്വകാര്യ വനങ്ങൾ ദേശസാൽക്കരിച്ചത് വനസംരക്ഷണത്തിനുവേണ്ടിയുള്ള വിപ്ലവകരമായ കാൽവയ്പായിരുന്നു.

1.8 ഇന്ത്യയിൽ 1894, 1952, 1988 എന്നീ വർഷങ്ങളിൽ ദേശീയ വനനയങ്ങൾ പ്രഖ്യാപിക്കപ്പെട്ടു. ഇവ കൂടാതെ 1974 ലെ നാഷണൽ അഗ്രികൾച്ചറൽ കമ്മീഷന്റെ റിപ്പോർട്ടും 1980 ലെ വനസംരക്ഷണനിയമവും വനനയത്തിന്റെ ഭാഗമായി കരുതാവുന്നതാണ്.

1.9 സ്വതന്ത്ര ഇന്ത്യയുടെ ഒന്നാമത്തെ വനനയം 1952 ലാണ് പ്രഖ്യാപിക്കപ്പെട്ടത്. 1894 നും 1952 നും ഇടയിൽ ലോകത്തും ഇന്ത്യയിലും സംഭവിച്ച അനേകം മാറ്റങ്ങളെ ഉൾക്കൊണ്ട് സ്വതന്ത്ര ഇന്ത്യക്ക് ഭാവിയിലേക്കുള്ള മുന്നേറ്റത്തിന് വനങ്ങളെ എങ്ങനെ ഉപയോഗിക്കണം എന്ന കാഴ്ചപ്പാടാണ് 1952 -ലെ വനനയത്തിന്റെ കാതൽ. സന്തുലിതമായ ഭൂവിനിയോഗ രീതി വികസിപ്പിക്കേണ്ടതിന്റെയും വനവിഭവങ്ങളെ വ്യാവസായിക വളർച്ചക്ക് ഉപയോഗപ്പെടുത്തേണ്ടതിന്റെയും ആവശ്യം ഈ നയം ഊന്നിപ്പറഞ്ഞു. രാജ്യത്തിന്റെ മൂന്നിലൊരു ഭാഗം വനമായി പരിപാലിക്കണമെന്നും ഈ നയരേഖ നിഷ്കർഷിച്ചു.

1.10 ജനസംഖ്യാവർദ്ധനവ് മൂലവും വിറക്, കാലിത്തീറ്റ എന്നിവക്കായും വനത്തിന്മേലുള്ള സമ്മർദ്ദം ലഘൂകരിക്കുന്നതിനായി വനത്തിനു പുറത്ത് സാമൂഹികവനവല്ക്കരണം ആരംഭിക്കണമെന്ന് 1974 ലെ നാഷണൽ അഗ്രികൾച്ചറൽ കമ്മീഷന്റെ റിപ്പോർട്ട് നിർദ്ദേശിച്ചു. 1980 ലെ വനസംരക്ഷണ നിയമം വനസംരക്ഷണത്തിന്റെ നാഴികക്കല്ലാണ്. കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ വനഭൂമി വനേതരാവശ്യങ്ങൾക്കായി വിനിയോഗിച്ചുകൂടായെന്ന് ഈ നിയമം അനുശാസിക്കുന്നു. അതേസമയം 2006 ലെ ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് അദർ ട്രെഡിഷണൽ ഫോറസ്റ്റ് ഡ്വല്ലേഴ്സ് (റെക്ക

ഗ്നിഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ്) ആക്ട് പ്രാബല്യത്തിൽ വന്നപ്പോൾ ആദിവാസി സമൂഹത്തിന്റെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഒരു ഹെക്ടർ വരെ വനഭൂമി നിബന്ധനകൾക്ക് വിധേയമായി ഉപയോഗിക്കാമെന്നത് ശ്രദ്ധേയമാണ്.

1.11 1988 ഡിസംബർ ഏഴിനാണ് ഭാരതസർക്കാർ അടുത്ത വനനയം പ്രഖ്യാപിച്ചത്. അപ്പോഴേക്കും ലോകമെങ്ങും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യാപകമായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. 1972 ലെ സ്റ്റോക്ക്ഹോം സമ്മേളനം ഈ പുതിയ അവബോധത്തിന് വഴിയൊരുക്കിയിരുന്നു. തടിയുല്പാദനത്തിന് മുൻതൂക്കം നൽകുന്ന വനപരിപാലന സമീപനത്തിൽ നിന്നും വ്യക്തമായ ഒരു വ്യതിയാനമാണ് 1988 ലെ വനനയത്തിൽ പ്രതിഫലിക്കുന്നത്. രാജ്യത്തിന്റെ ഭൂവിസ്തൃതിയുടെ മൂന്നിലൊരു ഭാഗം വനങ്ങളായോ വൃക്ഷാവൃതമായോ സംരക്ഷിക്കണമെന്ന് 1988 ൽ നിഷ്കർഷിച്ചു. വനസംരക്ഷണത്തിന്റെ പ്രാഥമിക ലക്ഷ്യം തടിയുല്പാദനമല്ലെന്നും പരിസ്ഥിതി സന്തുലനവും വനാശ്രിത സമൂഹത്തിന്റെ സുസ്ഥിരമായ ഉപജീവനം ഉറപ്പാക്കലുമാണെന്ന് ഈ നയം വ്യക്തമാക്കി.

1.12 ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള 1992-ലെ ആഗോള ഉടമ്പടിയും ഈ മേഖലയിലെ സമീപനങ്ങളിൽ കാതലായ മാറ്റങ്ങൾക്ക് പശ്ചാത്തലമൊരുക്കി. ജൈവവിഭവങ്ങളുടെ സംരക്ഷണം, സന്തുലിതമായ ഉപയോഗം, വിഭവങ്ങളിൽനിന്നുണ്ടാകുന്ന സമ്പത്തിന്റെ തത്തുല്യമായ പങ്കുവയ്ക്കൽ എന്നീ തത്വങ്ങളെ ഈ ഉടമ്പടി ഒരേ പ്രാധാന്യത്തോടെ അംഗീകരിച്ചു.

1.13 ജനപ്പെരുപ്പം സൃഷ്ടിക്കുന്ന സമ്മർദ്ദം, ഭൂമിയുടെ സാമ്പത്തികമൂല്യത്തിലുണ്ടായ വർദ്ധനവും അത് പ്രേരിപ്പിക്കുന്ന വനംകയ്യേറ്റവും, വിവിധ വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള വനഭൂമിയുടെ വിനിയോഗം, രൂക്ഷമായ വിഭവ നിരക്ഷരത, തൊഴിലില്ലായ്മ, സ്ഥാപിത താല്പര്യക്കാരുടെ ഇടപെടലുകൾ, പ്രതിശീർഷ വരുമാനം ഏറ്റവും കുറഞ്ഞ ജനങ്ങൾ താമസിക്കുന്ന പ്രദേശങ്ങളെന്ന പ്രത്യേകത എന്നിവ വനഭൂമിയുടെയും അമൂല്യമായ ആവാസവ്യവസ്ഥയുടെയും നാശത്തിന് കാരണമാകുന്നുണ്ട്.

1.14 ഈ വിധത്തിലുള്ള നിരവധി കാരണങ്ങളാൽ വിഭവങ്ങൾ നിയന്ത്രിതവും സന്തുലിതവുമായി വിനിയോഗിക്കാൻ കഴിയാത്തതിനാൽ വനസമ്പത്ത് ആവശ്യാനുസരണം പരിപോഷിപ്പിക്കപ്പെടാതിരിക്കുകയും കാലാന്തരത്തിൽ അവ ശോഷിക്കുകയും ചെയ്യുന്നു. വനങ്ങളും അവയുമായി ബന്ധപ്പെടുന്ന ആവാസവ്യവസ്ഥകളും ശാസ്ത്രീയമായി സംരക്ഷിക്കപ്പെടുന്നില്ലെങ്കിൽ വനവിഭവങ്ങളുടെ അപരിഹാര്യമായ ദൗർലഭ്യവും തുടർന്നുള്ള വിനാശവുമാവും ഫലം. ഈവിധ നശീകരണങ്ങളുടെ ദുരന്തഫലങ്ങൾ പ്രാഥമികമായും പേറേണ്ടിവരുന്നത് വനത്തെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരുൾപ്പെടെയുള്ള ദുർബ്ബലജനവിഭാഗങ്ങളാണ്. എന്നാൽ ശുദ്ധവായുവിന്റെയും ശുദ്ധജലത്തിന്റെയും ദൗർലഭ്യത്തിലേയ്ക്കും പരിസരമലിനീകരണത്തിന്റെയും കാലാവസ്ഥാവ്യതിയാനത്തിന്റെയും വിപത്തിലേയ്ക്കും ഇത് മുഴുവൻ മനുഷ്യസമൂഹത്തെ ബാധിക്കുന്നുവെന്നത് മറന്നുകൂട.

1.15. തടിക്കുവേണ്ടിയാണ് വനങ്ങൾ എന്ന നിലപാടിൽ നിന്ന്, മനുഷ്യരാശിയുടെ നിലനിൽപ്പിനായി വനങ്ങൾ സംരക്ഷിക്കുക എന്ന കാഴ്ചപ്പാടിലേയ്ക്ക് നാം ഇന്ന് മാറിയിരിക്കുന്നു. താത്കാലികമായ നേട്ടങ്ങൾക്കും ഭൗതിക സുഖങ്ങൾക്കുമായി അനിയന്ത്രിതമായി വനവിഭവങ്ങൾ ചൂഷണം ചെയ്യാൻ

പാടില്ലെന്ന അവബോധം ജനങ്ങൾക്കുണ്ടായിരിക്കണം. വനങ്ങൾ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയിൽ ചെലുത്തുന്ന നിർണ്ണായകമായ സ്വാധീനത്തിന്റെ സത്ഫലങ്ങൾ വരുംതലമുറയ്ക്ക് അവകാശപ്പെട്ടതാണെന്നും നാം കണക്കിലെടുക്കണം.

1.16 വനങ്ങൾക്കുപുറമേ അങ്ങേയറ്റം പ്രാധാന്യമുള്ളതും എന്നാൽ വേണ്ടത്ര പരിഗണന ലഭിക്കാത്തതുമായ ആവാസവ്യവസ്ഥകളായ ചതുപ്പുനിലങ്ങൾ, തീരപ്രദേശങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ, കായലുകൾ, അഴിമുഖങ്ങൾ എന്നിവയെല്ലാം സംരക്ഷിക്കപ്പെടേണ്ടവയാണ്. സമഗ്രമായ ഒരു പരിസ്ഥിതി സമീപനത്തിലൂടെ മാത്രമേ അർത്ഥപൂർണ്ണമായ വനപരിപാലനം സാധ്യമാവു.

## 2. കേരള വനനയം– സാംഗത്യവും സാധ്യതകളും

2.1 പരിസ്ഥിതിയേയും വനങ്ങളേയും വന്യജീവികളേയും സംരക്ഷിക്കുകയെന്ന ഉത്തരവാദിത്തം ഭരണഘടനയുടെ നിർദ്ദേശക തത്ത്വങ്ങളുടെ 48 (എ) വകുപ്പു പ്രകാരം സംസ്ഥാന സർക്കാരുകൾക്കുള്ളതാണ്. പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് കോട്ടംതട്ടാതെ എല്ലാ ജീവജാലങ്ങളെയും വനങ്ങളെയും പുഴകളെയും തടാകങ്ങളെയും സംരക്ഷിച്ച് നിലനിർത്തുക എന്നത് ഓരോ പൗരന്റെയും കടമയാണെന്നും ഭരണഘടനയുടെ 51 (എ) അനുഛേദം ഊന്നിപ്പറയുന്നു. നാഷണൽ ഫോറസ്ട്രി കമ്മീഷന്റെ ശുപാർശകളിലും സംസ്ഥാനങ്ങൾക്ക് പ്രത്യേക വനനയം വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ദേശീയ വനനയത്തിന്റെ ചട്ടക്കൂടിനകത്തു നിന്നുകൊണ്ട് തന്നെ സംസ്ഥാനത്തിന്റെ സവിശേഷമായ പ്രശ്നങ്ങളും സാധ്യതകളും കണക്കിലെടുത്ത്, വനപരിപാലനത്തിന് കൃത്യമായ മാർഗ്ഗദർശവും വ്യക്തമായ പരിപ്രേക്ഷ്യവും നൽകേണ്ടത് ആവശ്യമാണ്. കേരളത്തിലെ പ്രത്യേക സാഹചര്യങ്ങളായ ഉയർന്ന ജനസാന്ദ്രത, വർദ്ധിച്ച പരിസ്ഥിതി അവബോധം, മികച്ച സാക്ഷരത, വനങ്ങളിന്മേലുള്ള സാമൂഹിക-സാമ്പത്തിക സമ്മർദ്ദങ്ങൾ തുടങ്ങിയവ സംസ്ഥാനത്തിന്റേതായ ഒരു വനനയം അനിവാര്യമാക്കുന്നു.

2.2 വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഭൂമി ആവശ്യമായി വരുമ്പോഴെല്ലാം അത് വനഭൂമിയിൽ നിന്ന് ലഭ്യമാക്കാമെന്ന സമീപനം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ല. ഹ്രസ്വവീക്ഷണത്തോടു കൂടിയുള്ള ഇത്തരം വികസനം സുസ്ഥിരമല്ല. ദൂരവ്യാപക പാരിസ്ഥിതിക പ്രശ്നങ്ങളും അപരിഹാര്യമായ ദുരന്തങ്ങളും മാത്രമേ അവ ക്ഷണിച്ചുവരുത്തൂ. ഭൂഭാഗത്തിന്റെ മൂന്നിലൊന്നെങ്കിലും വൃക്ഷാവൃതമായിരിക്കണം എന്ന ദേശീയ കാഴ്ചപ്പാട് വിട്ടുവീഴ്ചയില്ലാത്ത വിധം അംഗീകരിക്കണം. ചെങ്കുത്തായ മലമ്പ്രദേശങ്ങളിൽ ഇത് ഭൂഭാഗത്തിന്റെ 60 ശതമാനവും മറ്റ് പ്രദേശങ്ങളിൽ 20 ശതമാനവും ആയിരിക്കണം. വനേതര പ്രദേശങ്ങളിലുള്ള സ്വകാര്യഭൂമികളിൽ വൃക്ഷക്കൃഷി പ്രോത്സാഹിപ്പിച്ചും ചെങ്കുത്തായ മലമ്പ്രദേശങ്ങളിലെ ഭൂവിനിയോഗരീതിയിൽ തരു-സസ്യ-ലതാദികൾക്ക് പ്രാമുഖ്യം നൽകിയും ഇത് സാധ്യമാക്കേണ്ടതാണ്.

2.3 വനസംരക്ഷണം വനപ്രദേശത്തെ ജനങ്ങളുടെ സാമ്പത്തിക സുരക്ഷയുമായും ബന്ധപ്പെട്ടിരിക്കുന്നു. മെച്ചപ്പെട്ട പ്രതിശീർഷവരുമാനമുള്ള സ്ഥലങ്ങളിൽ വനനശീകരണം പ്രായേണ കുറവാണെങ്കിലും ചന്ദനം പോലുള്ള മരങ്ങളുടെ മോഷണം, കഞ്ചാവുകൃഷി, വന്യമൃഗവേട്ട എന്നിവ തടയുന്നതിൽ നിർണ്ണായകമായ മുന്നേറ്റങ്ങൾ സമീപകാലത്ത് ഉണ്ടായിട്ടുണ്ടെങ്കിലും അവ പൂർണ്ണമായി പരിഹ

ക്കപ്പെട്ടിട്ടില്ല. ഇവയെ നേരിടുന്നതിന് വനപ്രദേശത്തെ ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി ഗ്രാമവികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലും വനം വകുപ്പ് പങ്കാളിയാകേണ്ടതുണ്ട്. വനസംരക്ഷണസമിതികളുടെയും ഇക്കോ ഡവലെപ്മെന്റ് കമ്മിറ്റികളുടെയും വനവികാസ ഏജൻസികളുടെയും പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി, ജനപങ്കാളിത്തത്തോടെ വനസംരക്ഷണ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തേണ്ടതുണ്ട്.

2.4 ആഗോളതാപനം കുറയ്ക്കുന്നതിൽ വനങ്ങൾക്കുള്ള പങ്ക് സുവിദിതമാണ്. അന്താരാഷ്ട്ര സമൂഹവുമായി കൂട്ടുചേർന്ന് ദേശീയ താല്പര്യത്തിനനുസൃതമായി ഗവേഷണം, വിജ്ഞാനവ്യാപനം, വനവല്ക്കരണം, വനസംരക്ഷണം എന്നീ മേഖലകളിൽ നിരന്തരമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

2.5 പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യപരിപോഷണം, കാലാവസ്ഥാ നിയന്ത്രണം, ആദിവാസികളുടെയും മറ്റു വനാശ്രിതസമൂഹങ്ങളുടെയും ഉപജീവനം എന്നിവ ഉറപ്പു വരുത്തുന്നതിൽ വനങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കുവാൻ കഴിയണം. കേരളത്തിൽ ബാക്കിയുള്ള വനങ്ങൾ സംരക്ഷിച്ച് പരിപോഷിപ്പിക്കുകയും വനമില്ലാത്ത പ്രദേശങ്ങളിൽ വനവല്ക്കരണം നടത്തി വൃക്ഷാവരണം വർദ്ധിപ്പിക്കുകയും വ്യവസായങ്ങൾക്കാവശ്യമുള്ള തടി പ്രധാനമായും സ്വകാര്യഭൂമിയിൽ വളർത്താൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. വനപരിപാലനത്തിൽ കേരളത്തെ ഇന്ത്യയിലെ മാതൃകാ സംസ്ഥാനമാക്കാൻ ഈ വനനയത്തിലൂടെ നാം ലക്ഷ്യമിടുന്നു.

## 3. നയങ്ങൾ

### 3.1 സ്വാഭാവിക വനങ്ങൾ

3.1.1 നിലവിലുള്ള വനങ്ങൾ അവയുടെ പ്രത്യക്ഷവും പരോക്ഷവുമായ പ്രയോജനങ്ങൾക്കും വിലമതിക്കാനാവാത്ത ജൈവവൈവിധ്യത്തിനും വേണ്ടി സുസ്ഥിരമായി പരിപാലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യാനുള്ള കർമ്മ പരിപാടികൾ വിഭാവന ചെയ്ത് ലക്ഷ്യബോധത്തോടെ അവ നടപ്പിലാക്കുകയും ചെയ്യും.

3.1.2 ജൈവവൈവിധ്യത്തിലും കാലാവസ്ഥാ നിയന്ത്രണത്തിലും സ്വാഭാവിക വനങ്ങൾക്കുള്ള സ്വാധീനം കണക്കിലെടുത്ത് ക്ലിയർ ഫെല്ലിംഗിലും സെലക്ഷൻ ഫെല്ലിംഗിലുമുള്ള നിരോധനം തുടരും. ക്ഷയോന്മുഖമായ വനഭൂമികൾ ഫലപ്രദമായ വനവല്ക്കരണം വഴി പുനരുജ്ജീവിപ്പിക്കും. നീർത്തടാധിഷ്ഠിത പദ്ധതികൾ നടപ്പാക്കിയും ഫലപ്രദമായ മറ്റ് ഇടപെടലുകൾ നടത്തിയും സ്വാഭാവിക വനങ്ങൾ സംരക്ഷിക്കും.

3.1.3 വനവിഭവങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന പരമ്പരാഗത വിഭാഗങ്ങൾക്ക് സുസ്ഥിര ശേഖരണ മുറകളനുവർത്തിച്ചുകൊണ്ട് അവ പ്രാപ്യമാക്കും. വനങ്ങളുമായി ബന്ധപ്പെട്ടു ജീവിക്കുന്ന ജനങ്ങളുടെ ജീവനോപാധിക്കു ഭംഗം വരുത്തില്ലെന്ന് ഉറപ്പു വരുത്തുംവിധം പ്രവർത്തനങ്ങൾ ക്രമീകരിക്കും.

3.1.4 സംസ്ഥാനത്തിന്റെ സുരക്ഷിതഭാവിക്കും സുസ്ഥിര വളർച്ചയ്ക്കും വേണ്ടി നിലവിലുള്ള ജനിതകശേഖരം സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യും. വനപരിപാലന വിവരങ്ങളും ജൈവവൈവിധ്യത്തെക്കുറിച്ചുള്ള അറിവുകളും വ്യാപകമായി പ്രചരിപ്പിക്കുന്നതിന് വിവരസാങ്കേ

തികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തും.

3.1.5 ഗാർഹിക - കാർഷിക - വ്യാവസായികാവശ്യങ്ങൾക്കുള്ള ശുദ്ധജലത്തിന്റെ ഉറവിടം സ്വാഭാവിക വനങ്ങളാണ്. നദികളിലെ നീരൊഴുക്കും തദ്വാര ജലവൈദ്യുത, ജലസേചന പദ്ധതികളിൽനിന്നുള്ള ഗുണഫലങ്ങളും സുസ്ഥിരമായി വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ നീർത്തടാധിഷ്ഠിത വനപരിപാലനവും മണ്ണ് - ജലസംരക്ഷണവും പ്രോത്സാഹിപ്പിക്കും. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ അനുകൂല സാഹചര്യങ്ങൾ ഫലപ്രദമായി ഇതിനായി വിനിയോഗിക്കും.

## 3.2 സംരക്ഷിതമേഖലകൾ

3.2.1 വൈവിധ്യമാർന്ന മലനിരകളും മഴയുടെ ലഭ്യതയും മിതശീതോഷ്ണ കാലാവസ്ഥയും ചേർന്ന പശ്ചിമഘട്ട മലനിരകളെ ലോകത്തിലെ ബയോഡൈവേഴ്സിറ്റി ഹോട്ട് സ്പോട്ടുകളിലൊന്നായി ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ ആന്റ് നാച്ചുറൽ റിസോഴ്സസ് (IUCN) പ്രഖ്യാപിച്ചിട്ടുണ്ട്. ജൈവവൈവിധ്യങ്ങളുടെ കലവറയായ കേരളത്തിലെ ഈ മഴക്കാടുകളുടെ സാർവ്വദേശീയ പ്രാധാന്യവും വളരെ വലുതാണ്. സംസ്ഥാനത്ത് അഞ്ചു ദേശീയോദ്യാനങ്ങളും 15 വന്യജീവി സങ്കേതങ്ങളുമുണ്ട്. ഇവയുടെ വിസ്തൃതി സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയുടെ 6.5 ശതമാനവും ആകെ വനവിസ്തൃതിയുടെ 27 ശതമാനവുമാണ്. സംരക്ഷിതമേഖലകളുടെ വിസ്തൃതി മൊത്തം വനഭൂമിയുടെ മൂന്നിലൊന്നായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരും. റിസർവ്വ് വനവിസ്തൃതിയിൽ വർദ്ധനവുണ്ടാക്കിയ ഇൻഡ്യൻ സംസ്ഥാനമെന്ന ബഹുമതിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും.

3.2.2 ജൈവ ആവാസകേന്ദ്രങ്ങൾ തുണ്ടുതുണ്ടായി വിഭജിക്കപ്പെടുന്നതും ഒറ്റപ്പെട്ടുപോകുന്നതും തടയും. ഒറ്റപ്പെട്ടുപോയ ജൈവസങ്കേതങ്ങളുടെ ജനിതകപരമായ തുടർച്ച വീണ്ടെടുക്കുന്നതിനായി ഇടനാഴികൾ രൂപീകരിക്കും.

3.2.3 പ്രസിദ്ധമായ നീലകുറിഞ്ഞി പൂക്കുന്ന മൂന്നാർ - ദേവികുളം മേഖലയിൽ പ്രഖ്യാപിച്ച നീലകുറിഞ്ഞി സാങ്ച്വറി കൂടുതൽ സമ്പുഷ്ടമാക്കും. നീലകുറിഞ്ഞിയെക്കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുകയും അവ നേരിടുന്ന ഭീഷണികളെ പരമാവധി നിയന്ത്രിക്കുകയും ചെയ്യുകയെന്നതായിരിക്കും ഇതിന്റെ പ്രധാന ലക്ഷ്യം.

3.2.4 ദേശീയ പക്ഷിയായ മയിലുകളുടെ സംരക്ഷണത്തിനായി പ്രഖ്യാപിച്ച പാലക്കാട് ചൂലന്നൂരുള്ള 3.42 ചതുരശ്ര കിലോമീറ്റർ വനമേഖലയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും.

3.2.5 കമ്മ്യൂണിറ്റി റിസർവ്വായി പ്രഖ്യാപിച്ച കടലുണ്ടി, വള്ളിക്കുന്ന് മേഖലയിലെ ജൈവ, സാംസ്കാരിക, പൈതൃക കലവറകളുടെ നിലനില്പിനും സംരക്ഷണത്തിനും അനുയോജ്യമായ സംവിധാനങ്ങളൊരുക്കും.

3.2.6 മലബാർ മേഖലയിൽ വന്യജീവി സമ്പുഷ്ടമായ വനമേഖല ഉൾപ്പെടുത്തി മലബാർ വൈൽഡ് ലൈഫ് സാങ്ച്വറി രൂപീകരിക്കും.

## 3.3 തോട്ടങ്ങൾ

3.3.1 സംസ്ഥാനത്ത് വനം വകുപ്പിന്റെ ആകെയുള്ള 1.81 ലക്ഷം ഹെക്ടർ തോട്ടങ്ങളിൽ എഴുപത്തി അയ്യായിരത്തോളം ഹെക്ടറും തേക്കു തോട്ടങ്ങളാണ്. വനോൽപ്പന്നങ്ങളുടെ ആവശ്യം വർദ്ധിച്ചുവരികയും സ്വാഭാവിക വനങ്ങൾ തോട്ടങ്ങളാക്കി മാറ്റുന്നത് നിരോധിക്കുകയും ചെയ്ത സാഹചര്യത്തിൽ തോട്ടങ്ങളിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. നിലവിലുള്ള എല്ലാ തോട്ടങ്ങളുടെയും പരിപാലനം ഊർജ്ജിതപ്പെടുത്തുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുകയും ചെയ്യും.

3.3.2 വനവൃക്ഷങ്ങളുടെ ഊർജ്ജിത മാനേജ്മെന്റിനു വേണ്ടി രൂപീകരിച്ച റിവോൾവിംഗ് ഫണ്ടിന്റെ പരിധിയിൽ തേക്കും പൾപ്പു മരങ്ങളും കൂടാതെ മറ്റിനങ്ങളെയും ഉൾപ്പെടുത്തും. വിവിധോദ്ദേശങ്ങൾക്കായി നട്ടുപിടിപ്പിക്കപ്പെട്ട വിദേശീയ മരങ്ങൾക്കു പകരം തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കും.

3.3.3 പൾപ്പ് വ്യവസായത്തിനും മറ്റ് തടി അധിഷ്ഠിത വ്യവസായങ്ങൾക്കും ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കും. മേൽ ലക്ഷ്യം മുൻനിർത്തി ക്യാപ്റ്റീവ് പ്ലാന്റേഷൻസ് യഥോചിതം പരിചരിക്കുവാനും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുവാനും നടപടികൾ സ്വീകരിക്കും.

## 3.4 മറ്റ് ഭൂപ്രദേശങ്ങൾ

3.4.1 അറുനൂറ് കിലോമീറ്ററോളം ദൈർഘ്യമുള്ള സംസ്ഥാനത്തിന്റെ കടൽത്തീരവും കായൽത്തീരങ്ങളും അഴിമുഖങ്ങളും നദീതീരങ്ങളും പാരിസ്ഥിതികമായി ഏറെ പ്രാധാന്യമർഹിക്കുന്നു. കടലാക്രമണവും മണ്ണിടിച്ചിലും വെള്ളപ്പൊക്കവും ഓരോ വർഷവും പരിസ്ഥിതിക്കും ജനജീവിതത്തിനും വലിയ ആഘാതം ഏൽപ്പിച്ചുകൊണ്ടിരിക്കുന്നു. ജൈവവൈവിധ്യത്തിന്റെ സമ്പുഷ്ട ശേഖരങ്ങളായ ഈ മേഖലകളെ മരങ്ങളും കണ്ടൽക്കാടുകളും വളർത്തി സംരക്ഷിക്കും. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജനപങ്കാളിത്ത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കും. സ്വകാര്യഭൂമിയിലുള്ള കണ്ടൽക്കാടുകൾ ശാസ്ത്രീയമായി പരിപാലിക്കാൻ പ്രോത്സാഹനവും സഹായവും നൽകും.

3.4.2 കേരളത്തിന്റെ ഭൂപ്രകൃതിയുടെ അവിഭാജ്യഘടകങ്ങളാണ് നീർത്തടങ്ങളും ചതുപ്പുകളും. മണ്ണിട്ടുനികത്തലും ഖര-ദ്രവമാലിന്യങ്ങൾ നിക്ഷേപിക്കലും മൂലം ഇവ ക്രമാനുഗതമായി നശിച്ചുകൊണ്ടിരിക്കുന്നു. ജൈവവൈവിധ്യ-പരിസ്ഥിതിയുടെ പരിപാലനത്തിലും ഭക്ഷ്യസുരക്ഷയിലും, നീർത്തടങ്ങൾക്കും ചതുപ്പുകൾക്കുമുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ് ഇവയെ പരിരക്ഷിക്കേണ്ടതുണ്ട്. നീർത്തടങ്ങളുടെയും ചതുപ്പുനിലങ്ങളുടെയും പരിപാലനത്തിൽ ശാസ്ത്രീയവും പാരിസ്ഥിതികവുമായ തത്ത്വങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും.

3.4.3 കേരളത്തിലെ 44 നദികളും ഉത്ഭവിക്കുന്നത് സഹ്യസാനുക്കളിലെ വനങ്ങളിലാണ്. നദീതീര ആവാസവ്യവസ്ഥ ഒരു നദിക്ക് ജീവചൈതന്യം നൽകുന്നു. നദികളിലെ നീരൊഴുക്ക് സുസ്ഥിരമായി നിലനിർത്തുന്നതിന് വൃഷ്ടിപ്രദേശങ്ങളും ചോലവനങ്ങളും ശാസ്ത്രീയമായി സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യും. ജനപങ്കാളിത്തത്തോടെയുള്ള വനവല്ക്കരണത്തിലൂടെയും തദ്ദേശസ്വയംഭ

രണ സ്ഥാപനങ്ങളുടെ സഹകരണത്തിലൂടെയും നദീതീര സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കും.

3.4.4 നമ്മുടെ പുരാതന സംസ്ക്കാരവുമായി അഭേദ്യബന്ധമുണ്ടായിരുന്ന വനങ്ങളുടെ അവശേഷിക്കുന്ന തുരുത്തുകളാണ് കാവുകൾ. താണപ്രദേശങ്ങളിൽ നിലനിന്നിരുന്ന നിത്യഹരിത വനങ്ങളുടെ ചെറിയ പതിപ്പുകളാണവ. ജൈവവൈവിധ്യത്തിന്റെയും വന്യജീവി ആവാസവ്യവസ്ഥയുടെയും നുറുങ്ങുകളായ കാവുകളെ സംരക്ഷിക്കേണ്ടത് ശാസ്ത്രീയവും പാരിസ്ഥിതികവും സാംസ്ക്കാരികവുമായ ആവശ്യമാണ്. കയ്യേറ്റങ്ങളിൽ നിന്നും നശീകരണപ്രവർത്തനങ്ങളിൽ നിന്നും അശാസ്ത്രീയമായ വികസനപ്രവർത്തനങ്ങളിൽ നിന്നും കാവുകളെ രക്ഷിക്കാൻ കാവുകളുടെ മേൽനോട്ടം വഹിക്കുന്നവർക്കും ഉടമകൾക്കും സാങ്കേതിക സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകും. കാവുകളുടെ നടത്തിപ്പിന്റെയും സംരക്ഷണത്തിന്റെയും ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിന് സാധ്യമായ സ്ഥലങ്ങളിൽ സമീപവാസികളെ പ്രാപ്തരാക്കുന്ന പദ്ധതികൾക്ക് രൂപം നല്കും.

**3.5 വനസംരക്ഷണം**

3.5.1 വനംകയ്യേറ്റം കർശനമായി തടയുന്നതോടൊപ്പം 1..1..1977 – നു് ശേഷമുളള കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്ന് സർവ്വരാലും അംഗീകരിക്കപ്പെട്ട നിലപാട് പ്രാവർത്തികമാക്കും.

3.5.2 ഫോറസ്റ്റ് സ്റ്റേഷൻ സംവിധാനത്തിനു കീഴിൽ, സംസ്ഥാനത്തെ മുഴുവൻ വനങ്ങൾക്കും വികേന്ദ്രീകൃത വനസംരക്ഷണ സംവിധാനം ഏർപ്പെടുത്തും. വനപരിപാലന പ്രവർത്തനങ്ങളിൽ ഭൂമിയുടെ കിടപ്പിന് അനുയോജ്യമായ പ്രാധാന്യം നൽകുന്ന സമീപനങ്ങൾ പിന്തുടരും. വനസംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തും.

3.5.3 ഫലപ്രദമായ വനസംരക്ഷണത്തിനായി വിപുലവും സമഗ്രവുമായ ബോധവല്ക്കരണം നടത്തും. വനഭൂമിയിലെ കയ്യേറ്റം, കള്ളത്തടിവെട്ട്, കഞ്ചാവുകൃഷി, ചാരായ വാറ്റ് തുടങ്ങിയ എല്ലാ അനധികൃത പ്രവർത്തനങ്ങളും കർശനമായി തടയും. ഒപ്പം ഇവയ്ക്കെതിരെയുള്ള ജാഗ്രത സമൂഹത്തിൽ വളർത്തിയെടുക്കാനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ വ്യാപകമാക്കും. കേരളത്തിലെ കാടുകളെ കഞ്ചാവ് ലോബിയിൽ നിന്നു മുക്തമാക്കാനുളള നടപടികൾക്ക് ഫലം കണ്ടെത്താനായി. അത് നൂറു ശതമാനവും ഉറപ്പാക്കുകയാണ് നമ്മുടെ ലക്ഷ്യം.

3.5.4 വനസമ്പത്ത് ദുർവ്യയം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താനും അത് ഭാവിതലമുറകൾക്കുവേണ്ടി സുരക്ഷിതമാക്കാനും പര്യാപ്തമായ നിയമനിർമ്മാണം നടത്തും. വനഭൂമികൾ വനേതര ആവശ്യങ്ങൾക്കു നൽകുന്നതിലുള്ള നിയന്ത്രണം കേന്ദ്ര വനനിയമ പ്രകാരം തുടരും.

3.5.5 കാട്ടുതീ തടയൽ ഉൾപ്പെടെയുളള വനം വകുപ്പിന്റെ സാധ്യമായ എല്ലാമേഖലകളിലേക്കും പങ്കാളിത്ത വനപരിപാലനം വ്യാപിപ്പിക്കും. ഈ പ്രവർത്തനങ്ങളിൽ ഗ്രാമസഭകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയുടെ സഹകരണം ഉറപ്പാക്കും. വനിതകളെ വനം വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും വനപരിപാലനത്തിന്റെ തത്വങ്ങളിൽ അവർക്ക് അവബോധമുണ്ടാക്കാനും പ്രത്യേകം ശ്രദ്ധിക്കും.

3.5.6 വനപ്രദേശത്തെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനം വനപരിപാലനത്തിന് അവശ്യം വേണ്ട പശ്ചാത്തലമാണെന്ന് തിരിച്ചറിയുകയും മറ്റു വകുപ്പുകളുമായി ചേർന്നും വനംവകുപ്പ് നേരിട്ടും വിവിധ വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും അതുവഴി വനത്തിന്മേലുള്ള സമ്മർദ്ദവും ചൂഷണവും പ്രതിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യും.

3.5.7 ഫലപ്രദമായ വനസംരക്ഷണത്തിനും വനപരിപാലനത്തിനും ജനങ്ങളുടെ പങ്കാളിത്തം അനിവാര്യ ഘടകമാണ്. ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ ശക്തിപ്പെടുത്തി വനപരിപാലനം സർക്കാരിന്റെയും സമൂഹ ത്തിന്റെയും സംയുക്തമായ ചുമതലയാണെന്ന അവബോധത്തിലൂന്നിയ പ്രവർത്തനശൈലി സ്വീക രിക്കും.

3.5.8 ഇടുക്കി ജില്ലയിലെ മറയൂർ, കാസർഗോഡ്, തെന്മല, പെരിയാർ തുടങ്ങിയ വനം ഡിവിഷനുകളിലും നന്നായി വളരുന്ന ചന്ദനം അനധികൃതമായി മുറിച്ചു കടത്തുകയെന്ന ഭീഷണി ഫലപ്രദമായി നേരി ടും. ചന്ദനതൈലം ഉല്പാദിപ്പിക്കാനുള്ള അവകാശം പൊതുമേഖലയ്ക്ക് മാത്രമാണെന്ന് ഉറപ്പുവ രുത്തും. സ്വാഭാവിക ചന്ദനക്കാടുകളിൽ പുനരുത്ഭവം ത്വരിതപ്പെടുത്തും. ചന്ദനക്കൊള്ള ഇല്ലാതാ ക്കുന്നതിനാവശ്യമായ പുതിയ നിയമനിർമ്മാണം നടത്തും.

3.5.9 സംസ്ഥാനാതിർത്തിയിലുള്ള വനങ്ങളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച പ്രശ്നപരി ഹാരത്തിനായി സംസ്ഥാനാന്തരബന്ധവും സഹകരണവും ആശയവിനിമയവും ശക്തിപ്പെടുത്തും.

## 3.6 **സാമൂഹിക വനവല്ക്കരണം**

3.6.1 ഭൂവിസ്തൃതിയുടെ മൂന്നിലൊന്നു വനങ്ങളാലും വൃക്ഷങ്ങളാലും സമൃദ്ധമാക്കി ഹരിതകവചം സൃഷ്ടി ക്കുക എന്നതാണ് 1988 ലെ ദേശീയ വനനയത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിന് കേരളത്തിൽ സ്വകാര്യഭൂമിയിൽ വൃക്ഷക്കൃഷി പ്രോത്സാഹിപ്പിക്കുകയും ഇതിനായി സാമൂഹിക വനവല്ക്കരണം ഊർജ്ജിതപ്പെടുത്തുകയും ചെയ്യും. ഹരിതകവചം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിതതീരം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ തുടങ്ങിയ പങ്കാളിത്ത പദ്ധതികൾ ഊർജ്ജിതപ്പെടുത്തും.

3.6.2 'ആഗോളതാപനം-മരമാണ് മറുപടി' എന്ന മുദ്രാവാക്യത്തോടെ കേരളത്തെ കൂടുതൽ ഹരിത ാഭമാക്കുന്നതിനുള്ള വിപുലമായ പദ്ധതികൾ നടപ്പിലാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഒരു കോടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന 'ഹരിതകേരളം പദ്ധതി നടപ്പാക്കും.

3.6.3 സ്വകാര്യഭൂമിയിൽ മരങ്ങൾ നടുന്നതു പ്രോത്സാഹിപ്പിക്കും. സ്വകാര്യഭൂമിയിലെ മരം ഉടമകളെ മധ്യ വർത്തികളുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കാനായി സഹകരണസംഘങ്ങൾ ആരംഭിക്കുന്നതിനു ള്ള പദ്ധതികൾ ആരായും.

3.6.4 തദ്ദേശീയ വനവൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുന്നതിന് വികേന്ദ്രീകൃത നഴ്സറികൾക്ക് പ്രോത്സാഹനം നൽകും. വീണ്ടെടുക്കാൻ കഴിയാത്ത വനഭൂമികളിലും പട്ടികവർഗ്ഗകോളനികളിലും അഗ്രോ ഫോറ സ്ട്രിയും ഫാം ഫോറസ്ട്രിയും പ്രോത്സാഹിപ്പിക്കും. വനവല്ക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതി

നായി ഗ്രാമങ്ങളിൽ ഗ്രാമഹരിത സമിതികൾ വ്യാപകമാക്കും. നഗരവനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കോർപ്പറേഷനുകളും നഗരസഭകളുമായി ചേർന്ന് സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കും.

3.6.5 വിവിധ വികസന ആവശ്യങ്ങൾക്കുവേണ്ടി അനിവാര്യ സാഹചര്യങ്ങളിൽ മരം മുറിക്കേണ്ടി വരുമ്പോൾ ഒന്നിന് പകരം പത്ത് എന്ന രീതിയിൽ മരങ്ങൾ വച്ചു പിടിപ്പിക്കുകയെന്ന സമീപനം കർശനമായി നടപ്പിലാക്കും.

3.6.6 വനവിസ്തൃതിയും വൃക്ഷാവരണവും വ്യാപിപ്പിക്കുന്നതിനും വനവിഭവങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി വനത്തിനു പുറത്തുള്ള സർക്കാർ ഭൂമികളിലും സ്വകാര്യഭൂമികളിലും വൃക്ഷക്കൃഷി പ്രോത്സാഹിപ്പിക്കുകയും വനവല്ക്കരണം ഒരു ഭൂവിനിയോഗരീതിയായി വ്യാപിപ്പിക്കുകയും ചെയ്യും.

3.6.7 സ്വകാര്യഭൂമിയിൽ ചന്ദനമരം നട്ടുപിടിപ്പിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുകയും വളർച്ചയെത്തിയ ചന്ദനം വിപണനം ചെയ്യുന്നതിന് സഹായിക്കുകയും ചെയ്യും. സ്വകാര്യഭൂമിയിലെ വളർച്ചയെത്തിയ ചന്ദനമരങ്ങൾ വനംവകുപ്പുതന്നെ നേരിട്ട് ന്യായവിലക്ക് വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.

3.6.8 സർക്കാർ അധീനതയിലുള്ള തരിശുനിലങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് വനവല്ക്കരണം നടത്തുന്നത് പ്രോത്സാഹിപ്പിക്കും.

**3.7 പ്രത്യേക പദ്ധതികൾ**

3.7.1 പശ്ചിമഘട്ടങ്ങളിലെ ജൈവവൈവിധ്യത്തിന്റെ സവിശേഷതകൾ കണക്കിലെടുത്ത്, ഇവിടത്തെ വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങളെ പരിരക്ഷിക്കുന്നതിനുള്ള ഒരു പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കും.

3.7.2 തടിയിതര വനവിഭവങ്ങളുടെ ശേഖരണം, സംസ്കരണം, വിപണനം എന്നിവ ശാസ്ത്രീയമായി പരിഷ്കരിച്ച് ആദിവാസികളുടെയും മറ്റു വനാശ്രിത സമൂഹങ്ങളുടെയും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഗുണഭോക്താക്കളുടെ സഹകരണത്തോടെ ആവിഷ്കരിക്കും.

3.7.3 ഔഷധ നിർമ്മാണത്തിനാവശ്യമായ സസ്യങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കും.

3.7.4 വനത്തിൽ വളരുന്ന അപൂർവ്വ ഓർക്കിഡുകളുടെ പരിരക്ഷ പ്രത്യേക പ്രാധാന്യമർഹിക്കുന്നു, ഇവയെക്കുറിച്ച് ആഴത്തിൽ പഠിക്കാനും ഇവയുടെ പാരിസ്ഥിതിക പ്രാധാന്യവും സാമ്പത്തിക മൂല്യവും പൂർണ്ണമായി മനസ്സിലാക്കാനും പ്രയോജനപ്പെടുത്താനുമായി ഒരു വൈൽഡ് ഓർക്കിഡ് പ്രോജക്ട് ആരംഭിക്കും.

3.7.5 വനോൽപ്പന്നങ്ങളുടെ പ്രഭവ സ്ഥാനമേതെന്ന് നിർണ്ണയിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി ഒരു സർട്ടിഫിക്കേഷൻ സംവിധാനം ഉണ്ടാക്കും.

3.7.6 വന്യജീവികൾ കൃഷികൾ നശിപ്പിക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി ജനപങ്കാളിത്തത്തോടെ ഹ്രസ്വ-ദീർഘകാലപദ്ധതികൾ നടപ്പിലാക്കുകയും ബോധവല്ക്കരണം നടത്തുകയും ചെയ്യും. അത്തരം മൃഗങ്ങളെ കാട്ടിലേയ്ക്ക് തിരിച്ചയ്ക്കുന്നതിന് പ്രത്യേക പരിപാടി തയ്യാറാക്കും. വകുപ്പിൽ ഇപ്പോഴുള്ള വന്യജീവി പുനരധിവാസ കേന്ദ്രങ്ങളുടെ നടത്തിപ്പ് കൂടുതൽ ശാസ്ത്രീയമാക്കും.

3.7.7 വനേതരപ്രദേശങ്ങളിൽ വന്യജീവി-ജൈവവൈവിധ്യ സംരക്ഷണം ജനപങ്കാളിത്തത്തോടെ നടത്തും. കൺസർവേഷൻ റിസർവ്വുകളും കമ്യൂണിറ്റി റിസർവ്വുകളും സ്ഥാപിക്കുകയും ജൈവവൈവിധ്യ നിയമത്തിന്റെയും അതുപോലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ മറ്റു വകുപ്പുകളുമായി സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യും.

3.7.8 സമുദ്ര ആവാസവ്യവസ്ഥകൾക്ക് അർഹമായ പ്രാധാന്യം നൽകുകയും വംശനാശഭീഷണി നേരിടുന്ന ജലജീവികളെ സംരക്ഷിക്കുന്നതിന് പ്രത്യേക പരിപാടികൾ നടപ്പിലാക്കുകയും ചെയ്യും.

3.7.9 വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കടലാമകളുടെ സംരക്ഷണത്തിന് ഊന്നൽ കൊടുക്കേണ്ടതുണ്ട്. ഇതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കും.

3.7.10 നാട്ടാനകളുടെ പരിപാലനത്തിനായി വനം, ദേവസ്വം , റവന്യൂ, പോലീസ്, മൃഗസംരക്ഷണ വകുപ്പുകളെ യോജിപ്പിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ ഉർജ്ജിതപ്പെടുത്തും. 2003 ലെ നാട്ടാന പരിപാലന നിയമം കർശനമായി നടപ്പിലാക്കും.

3.7.11 വന്യജീവികളിലെ പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും വനം വകുപ്പിലെ മൃഗസംരക്ഷണവിഭാഗത്തെ ശക്തിപ്പെടുത്തി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തും.

3.7.12 വംശനാശഭീഷണി നേരിടുന്ന സസ്യ-ജന്തുജാലങ്ങളുടെ വില്പനയും കള്ളക്കടത്തും തടയും. വന്യജീവി കുറ്റാന്വേഷണത്തിന്റെ ഭാഗമായി ദേശീയ വന്യജീവി കുറ്റാന്വേഷണ ബ്യൂറോ, ദേശീയ വന്യജീവി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ പോലുള്ള സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കും. വന്യജീവികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കൂടുതൽ കാര്യക്ഷമമായി അന്വേഷിക്കുന്നതിന് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ഫോറൻസിക് ലാബ് സ്ഥാപിക്കും.

**3.8 തടിവ്യാപാരം**

3.8.1 സർക്കാർ തടി ഡിപ്പോകളിലെ തടി വിൽപ്പന കൂടുതൽ സുതാര്യമാക്കും. എല്ലാ സർക്കാർ തടി ഡിപ്പോകളിൽ നിന്നുമുള്ള ചില്ലറ വില്പന മൊത്തം വില്പനയുടെ അമ്പതു ശതമാനം വരെയായി ക്രമേണ ഉയർത്തും. തടിയുടെയും തടിയിതര വനവിഭവങ്ങളുടെയും ലഭ്യത ആധുനിക വിവരസാങ്കേതിക വിദ്യ ഉപയോഗിച്ചു പ്രസിദ്ധപ്പെടുത്തും. തടിവില്പനയുടെ വിശദാംശങ്ങൾ ഓൺ ലൈനിലും ലഭ്യമാക്കും.

3.8.2 പരമ്പരാഗതമായി പാഴ്തടി എന്നു കരുതുന്നവയെ പുത്തൻ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സംസ്കരിക്കുന്നതിനും തടിയധിഷ്ഠിത കരകൗശല സംരംഭങ്ങൾ തുടങ്ങുന്നതിനും പ്രോത്സാഹനം നൽകും.

## 3.9 ഇക്കോടൂറിസം

3.9.1 സംരക്ഷിത പ്രദേശങ്ങൾ ടൂറിസത്തിനു വേണ്ടിയല്ല, മറിച്ച് ടൂറിസം സംരക്ഷിതപ്രദേശത്തിനു വേണ്ടിയാവണം. വനനശീകരണം ഒഴിവാക്കാനും വനത്തിൽ നിന്നും വരുമാനം വർദ്ധിപ്പിക്കാനും പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സ്വാഭാവിക വനങ്ങൾ സംരക്ഷിക്കണമെന്ന അവബോധം പൊതുജനങ്ങളിൽ വളർത്താനുമുതകുന്ന സംരംഭമാണ് ഇക്കോടൂറിസം. കേരളത്തിലെ വനമേഖലയിൽ ഇപ്പോൾത്തന്നെ 56 ഇക്കോടൂറിസം പദ്ധതികൾ മികച്ച രീതിയിൽ നടപ്പിലാക്കപ്പെടുന്നുണ്ട്. അതിന്റെ സാധ്യതകൾ ഇനിയും വർദ്ധിപ്പിക്കും.

3.9.2 വന ആവാസവ്യവസ്ഥയ്ക്ക് ഹാനികരമല്ലാത്തതും ജീവനക്ഷമവുമായ ഇക്കോടൂറിസം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും വനസംരക്ഷണ സമിതിയിലെയും ഇക്കോടൂറിസം വികസന സമിതികളിലെയും അംഗങ്ങൾക്ക് ഇതിനുള്ള പരിശീലനം നൽകുകയും ചെയ്യും. ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റർ ട്രെയിനികളുടെ പരിശീലന സിലബസ്സിൽ ഇക്കോടൂറിസം ഒരു വിഷയമായി ഉൾപ്പെടുത്തും. ഇക്കോടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും അവയുടെ നടത്തിപ്പിനും വനസംരക്ഷണസമിതി ഉൾപ്പെടെയുളളവയുടെ പങ്കാളിത്തം ഉറപ്പു വരുത്തും. ഇക്കോടൂറിസം മേളകൾ നടത്താനുളള നടപടികൾ സ്വീകരിക്കും.

3.9.3. വനമേഖലകളിൽ ഇക്കോടൂറിസത്തിന്റെ പേരിൽ സ്വകാര്യമേഖലയെ ക്ഷണിച്ചുവരുത്തണമെന്ന ദേശീയ തലത്തിലുള്ള പുത്തൻ പ്രവണത വനസംരക്ഷണത്തിന് നിരക്കുന്നതല്ല. വനം, ടൂറിസം വകുപ്പുകളെട സഹകരണത്തോടെ ഇക്കോടൂറിസത്തെ പുഷ്ടിപ്പെടുത്താമെന്നുള്ള കേരളത്തിന്റെ മാതൃക ദേശീയശ്രദ്ധയാകർഷിക്കുന്നതാക്കും.

## 3.10 വനവിജ്ഞാന വ്യാപനം

3.10.1 വനമേഖലയിലെ നേട്ടങ്ങളെയും വെല്ലുവിളികളെയും പുതിയ പദ്ധതികളെയും കുറിച്ചു പൊതുജനങ്ങൾക്കിടയിലും നയരൂപീകരണം നടത്തുന്നവർക്കിടയിലും പരിസ്ഥിതി സംഘടനകൾക്കിടയിലും നിരന്തരമായി ബോധവൽക്കരണം നടത്തും.

3.10.2 വനസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യം എന്നീ വിഷയങ്ങൾ സ്കൂൾ , കോളേജ് പാഠ്യപദ്ധതികളുടെ ഭാഗമാക്കും. കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫോറസ്ട്രി ക്ലബ്ബുകൾ ആരംഭിക്കും.

3.10.3 എല്ലാവിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ മാത്രമേ വനസംരക്ഷണം സാധ്യമാകൂ. വനംവകുപ്പിന്റെ മാധ്യമപ്രചാരണത്തിന്റെ ഒരു പ്രധാന ലക്ഷ്യം വനം- പരിസ്ഥിതി സംരക്ഷണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുക എന്നതായിരിക്കും. ഈ ലക്ഷ്യങ്ങൾക്കായി മാധ്യമങ്ങൾ വഴി ഭാവനാപൂർണ്ണമായ പ്രചാരണ പരിപാടികൾ ഏറ്റെടുക്കും. ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ (എഫ്.ഐ.ബി), ഡിസ്ട്രിക്റ്റ് ഫോറസ്റ്റ് ഇൻഫർമേഷൻ ആന്റ് എക്സ്റ്റൻഷൻ സെന്ററുകൾ (ഡി.എഫ്.ഐ.ഇ.സി) എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

3.10.4 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമഹരിത സംഘങ്ങൾ, ഫോറസ്ട്രി ക്ലബ്ബുകൾ തുടങ്ങിയ സംഘടനകൾക്കായി ബോധവൽക്കരണ പരിപാടികൾ ഏറ്റെടുക്കുന്നതിന് സാമ്പത്തിക, സാങ്കേതിക സഹായം നൽകും.



3.10.5 വനത്തിനു പുറത്തുള്ള ജൈവആവാസ വ്യവസ്ഥകളായ തീരഭൂമി, നീർത്തടങ്ങൾ, കണ്ടൽക്കാടു

കൾ, കാവുകൾ തുടങ്ങിയവയെ സുസ്ഥിരമായി പരിപാലിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുകയും സംയോജിതമായ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വനപരിപാലനത്തെ കാണാൻ പ്രേരിപ്പിക്കുകയും ചെയ്യും. പുതിയ കാഴ്ചപ്പാടുകൾ ഉൾക്കൊണ്ട് വെല്ലുവിളികൾ ഏറ്റെടുക്കാനും , സേവനനിലവാരം മെച്ചപ്പെടുത്താനും പൊതുജനപങ്കാളിത്തം ക്രമാനുസൃതമായി വർദ്ധിപ്പിക്കാനും തക്കവിധം വനം വകുപ്പിനെ സജ്ജമാക്കും.

**3.11 മാനവ വിഭവശേഷി വികസനം**

3.11.1 വനപരിപാലനത്തിലും പരിസ്ഥിതി മേഖലയിലും ഉളവാകുന്ന പുതിയ വെല്ലുവിളികളെ നേരിടുന്നതിന് വനംവകുപ്പ് സമഗ്രമായ ഒരു മാനവ വിഭവശേഷി വികസന കർമ്മപദ്ധതി തയ്യാറാക്കി നടപ്പാക്കും. പുതിയ അറിവുകളും സാങ്കേതിക വിദ്യകളും മാത്രമല്ല, വനപരിപാലനത്തിലെ നൈതിക നിലപാടുകളെക്കുറിച്ചും വനം വകുപ്പിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും പരിശീലനം നൽകും. വനസംരക്ഷണ ജീവനക്കാരെ ജോലിയിൽ നിയോഗിക്കുന്നതിനു മുമ്പായി പ്രവേശനപരിശീലനം നിർബന്ധമാക്കും.

3.11.2 മികച്ച സൗകര്യങ്ങളോടെ ദേശീയ നിലവാരമുള്ള ഒരു ഫോറസ്റ്റ് അക്കാദമി സ്ഥാപിക്കും. നിലവിലുള്ള പരിശീലനകേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുകയും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യും.

3.11.3 മികച്ച സേവനം കാഴ്ചവയ്ക്കുന്ന ജീവനക്കാർക്ക് പ്രോത്സാഹന സമ്മാനങ്ങളും പ്രത്യേക ആനുകൂല്യങ്ങളും അനുവദിക്കും. ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും ചുമതലകൾ, ജോലി എന്നിവയെക്കുറിച്ച് നിശ്ചിതകാലയളവുകളിൽ സ്വതന്ത്രവും ശാസ്ത്രീയവുമായ വിലയിരുത്തലുകൾ നടത്തും.

**3.12 പാട്ടഭൂമികൾ**

3.12.1 വനേതര ആവശ്യങ്ങൾക്കായി പാട്ടത്തിനു നൽകിയ വനഭൂമികളിൽ പാട്ടവ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും അവ ലംഘിക്കപ്പെട്ടതായി ബോദ്ധ്യപ്പെട്ടാൽ തിരിച്ചെടുക്കുകയും ചെയ്യും. പാട്ടം പുതുക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുമ്പോൾ, ഭൂമി റീ-സർവ്വേക്ക് വിധേയമാക്കും. അത്തരം സന്ദർഭങ്ങളിൽ പാരിസ്ഥിതിക പ്രാധാന്യവും തൊഴിലാളി ക്ഷേമവും പാട്ടക്കാലാവധിയിൽ നടന്ന പ്രവർത്തനങ്ങളുടെ സ്വഭാവവും കണക്കിലെടുക്കും.

3.12.2 പാട്ടനിരക്കുകൾ കാലോചിതമായി പരിഷ്കരിക്കും. ഇതിൽനിന്നു കിട്ടുന്ന വരുമാനത്തിന്റെ ഒരു വിഹിതം വനം-പുഴ സംരക്ഷണത്തിനായി നീക്കിവയ്ക്കും.

**3.13 നിരീക്ഷണം, വിലയിരുത്തൽ, സത്ഭരണം, ആസൂത്രണം**

3.13.1 വനംവകുപ്പിൽ നിന്ന് പൗരന്മാർക്ക് ലഭിക്കേണ്ട വിവരങ്ങൾ കാര്യക്ഷമവും കാലവിളംബം കൂടാതെയും കുറ്റമറ്റരീതിയിലും ലഭ്യമാക്കും. ഇതു സംബന്ധിച്ച് പരാതികൾ ഉണ്ടാകുന്ന പക്ഷം അത് ഗൗരവമായി പരിഗണിക്കും. ആസൂത്രണം, മാനേജ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തൽ, റിപ്പോർട്ടിംഗ്, നിരീക്ഷണം, മൂല്യനിർണ്ണയം എന്നിവയ്ക്കുള്ള മാർഗ്ഗരേഖ തയ്യാറാക്കി ഭരണസംവിധാനം മികവുറ്റതാ

ക്കും.

3.13.2 വനനയം പ്രാബല്യത്തിൽ വരുത്തുന്നതിന് ഉപകരിക്കുന്ന ഒരു പോളിസി മോണിറ്ററിംഗ് & ഇവാലുവേഷൻ സെൽ സ്ഥാപിക്കും. വിവിധ നയപരിപാടികളുടെ നടത്തിപ്പിന്റെ പുരോഗതി നിരീക്ഷിക്കുന്നതും വിലയിരുത്തുന്നതും വേണ്ട ഭേദഗതികൾ ശുപാർശ ചെയ്യുന്നതും ഈ സെല്ലിന്റെ ചുമതലയായിരിക്കും. വനനയത്തിന് അനുസൃതമായ പദ്ധതികൾ നിർവ്വചിക്കുന്നതിനും നടപ്പിലാക്കുന്നതിനും അവ പൂർത്തിയാക്കുന്നതിനും സമയക്രമം നിശ്ചയിക്കുന്നതിനും ജീവനക്കാരുടെ ചുമതലകൾ നിശ്ചയിക്കുന്നതിനും നിർവ്വഹണ പദ്ധതികൾ ആവിഷ്കരിക്കും. ഫലപ്രദമായ മാനേജ്മെന്റിനായി റിസോഴ്സ് ബഡ്ജറ്റിംഗ് സംവിധാനം നടപ്പിലാക്കും.

**3.14 ഗവേഷണം**

3.14.1 പ്രായോഗിക മൂല്യമുള്ള വനം - വന്യജീവി ഗവേഷണ പദ്ധതികൾക്ക് മുൻഗണന നൽകും. വനമേഖലയിലെ ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളുമായി സഹകരിച്ച് ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ വികസിപ്പിക്കും. വനമേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങളുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും.

3.14.2 വിവിധ ദേശീയ-അന്തർദേശീയ ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുക്കുന്ന സാങ്കേതിക വിദ്യയിലും മാനേജ്മെന്റ് രീതികളിലും കേരളത്തിന് അനുയോജ്യമായവ സ്വീകരിച്ച് നടപ്പിലാക്കും. വംശനാശം സംഭവിക്കുന്ന ജന്തുസസ്യജാലങ്ങളെ സംബന്ധിക്കുന്ന ഗവേഷണത്തിന് പ്രോത്സാഹനം നൽകും. വനം-വന്യജീവി സംബന്ധിയായ ഗവേഷണം നടത്തുന്നതിന് വനം വകുപ്പിലെ ഉദ്യോഗസ്ഥർക്കും വനം ഗവേഷണത്തിൽ പ്രാഗത്ഭ്യം തെളിയിച്ചവർക്കും പ്രോത്സാഹനം നൽകും. വിഷയ വൈവിധ്യമുള്ള ജൈവവ്യവസ്ഥാ ഗവേഷണ സംവിധാനം ഏകോപിതമായി നടപ്പാക്കുന്നത് പ്രോത്സാഹിപ്പിക്കും.

3.14.3. ഇനിയും പഠനവിധേയമാക്കാനുള്ള സസ്യങ്ങൾ, ജീവികൾ എന്നിവ പഠനവിധേയമാക്കുകയും അവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിവിധ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയും അവയിൽ നിന്ന് മനുഷ്യരാശിയ്ക്കു ലഭിക്കാവുന്ന നേട്ടങ്ങൾക്കു പേറ്റന്റ് നേടിയെടുക്കാനുള്ള ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

**3.15 ആദിവാസികൾ**

3.15.1 ദി ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് അദർ ട്രഡീഷണൽ ഫോറസ്റ്റ് ഡ്വല്ലേഴ്സ് (റക്കഗ്നിഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ്) ആക്ട്-2006 നടപ്പിലാക്കാൻ വനംവകുപ്പ് പ്രതിജ്ഞാബദ്ധമായിരിക്കും. വനഭൂമിയിലെ ആദിവാസി കോളനികളുടെ അതിരുകൾ നിർണ്ണയിക്കും.

3.15.2 വനത്തിൽ താമസിക്കുന്ന ആദിവാസികളുടെ ശാക്തീകരണം വനസംരക്ഷണസമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ, വനവികാസ ഏജൻസികൾ എന്നിവ മുഖേന ഉറപ്പാക്കും.തടിയിതരവനവിഭവങ്ങളുടെ ശേഖരണം, സംസ്കരണം, വിപണനം എന്നിവ ശാസ്ത്രീയമാക്കുകയും ഇതിന്റെ ഗുണഫലങ്ങൾ നേരിട്ട് ആദിവാസികൾക്ക് ലഭ്യമാക്കുകയും ചെയ്യും. കൂടാതെ വർക്കിംഗ് പ്ലാനിലെ

നിബന്ധനകൾക്കു വിധേയമായി ഔഷധസസ്യങ്ങളും മറ്റു തടിയിതര വനോല്പന്നങ്ങളും കൃഷി ചെയ്യു ന്നതിന് വനസംരക്ഷണസമിതികളെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളെയും പ്രോത്സാഹിപ്പിക്കും. ജൈവകൃഷിയിലൂടെ ആദിവാസികൾ ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി, ദേശീയ-അന്തർദേശീയ വിപണിയിൽ എത്തിക്കാൻ സഹായിക്കുകയും ഇതുവഴി ആദിവാസിക ളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യും.

3.15.3 ആദിവാസികോളനികളിലെ വൃക്ഷങ്ങളുടെ പരിപാലനത്തിനായി ഒരു പ്രത്യേക പാക്കേജ് നടപ്പാക്കും. സ്വന്തം ആവശ്യങ്ങൾക്ക് പുറമെ സ്ഥിരമായ വരുമാനമാർഗ്ഗമായി മരം വളർത്തുന്നതിനും ഈ പാക്കേജ് അവരെ സഹായിക്കും. ആദിവാസികൾക്ക് ഭവന നിർമ്മാണത്തിനായി സൗജന്യ നിരക്കിൽ തടി ലഭ്യമാക്കും.

3.15.4. ആദിവാസികളുടെ സാംസ്കാരിക സവിശേഷതകളും പരമ്പരാഗത അറിവുകളും പരിരക്ഷിക്കുന്ന തിന് പ്രത്യേക സംവിധാനമുണ്ടാക്കും. വായ്മൊഴിയായി നിലനിൽക്കുന്ന അത്തരം അറിവുകൾ ശേഖ രിക്കാനും ശാസ്ത്രീയമായി സംരക്ഷിക്കാനുമായി ഒരു ആർക്കൈവ്സ് രൂപീകരിക്കും. അവരുടെ കലാ-കായിക ശേഷികൾ വളർത്തുന്നതിന് വനം വകുപ്പ് പ്രത്യേകം ശ്രദ്ധിക്കുകയും ഉചിതമായ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യും.

3.15.5 മൂല്യവർദ്ധന വരുത്തിയ തടിയിതര വനവിഭവങ്ങളുടെ ഉല്പാദനം, വിപണനം എന്നിവയ്ക്കായി വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ, വനവികാസ ഏജൻസികൾ എന്നി വയെ ഏകോപിപ്പിച്ച് 'വനശ്രീ' എന്നസ്ഥാപനത്തിന് രൂപം നൽകും. വനശ്രീ ട്രേഡ് മാർക്കിൽ എല്ലാ ജില്ലകളിലും ഇക്കോ-ഷോപ്പുകൾ തുറക്കും. മുള, ഈറ്റ, ചൂരൽ അധിഷ്ടിത കുടിൽവ്യവസാ യങ്ങളെ പ്രോത്സാഹിപ്പിക്കും. അവയുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും പരമ്പരാഗത തൊഴിലാളി കൾക്ക് നാമമാത്ര വിലയ്ക്ക് ലഭ്യമാക്കുകയും കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിൽ പരി ശീലനം നൽകുകയും ചെയ്യും.

## 4. ദിശാബോധത്തോടെ മുന്നോട്ട്

4.1 വനനയം ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിയമനിർമ്മാണത്തിനൊപ്പം ആവശ്യമായ ഫണ്ടും അടി സ്ഥാന സൗകര്യങ്ങളും ലഭ്യമാക്കും.

4.2 ആഗോള താപനത്തിന്റെ വിപത്തിൽ നിന്നും മാനവരാശിയെ രക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം നിറ വേറ്റുന്നതിൽ ഈ വനനയം നിർണ്ണായക പങ്ക് വഹിക്കും. എല്ലാവർക്കും ശുദ്ധവായു, കുടിവെള്ളം, നല്ല പരിസ്ഥിതി, നല്ല ആരോഗ്യം, ദുരിതമനുഭവിക്കുന്ന വനാശ്രിത സമൂഹങ്ങൾക്ക് ജീവനോപാധി എന്നിവ പ്രദാനം ചെയ്യുന്നതിനും സംസ്ഥാനത്തിന്റെ പൊതുവായ സാമൂഹ്യ-സാമ്പത്തിക വികസനത്തിന് തനതു സംഭാവന നൽകുന്നതിനുമായി വനങ്ങളെ ഉപയുക്തമാക്കാൻ ഈ വനനയം ഉപകരിക്കും. നമ്മുടെ വനങ്ങൾ വരുംതലമുറകൾക്ക് കൂടിയുള്ളതാണെന്ന അവബോധവും പ്രകൃതിയോ ടുള്ള കൂറും കട പ്പാടും വളർത്താനുതകുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഈ വനനയം ദിശാബോധം

നൽകും.

********